# എലിപ്പനിയോ പൂച്ചപ്പനിയോ?

ബുധനാഴ്ച വൈകിട്ട് ശക്തമായ പനിയുമായാണ് പത്ത് വയസ്സുള്ള മകൾ തിരിച്ചെത്തിയത്. വളരെ ക്ഷീണിച്ച കുട്ടി അപ്പോൾത്തന്നെ സ്വീകരണമുറിയിൽ കിടപ്പായി. രാവിലെ വിശേഷിച്ച് ഒന്നും കഴിച്ചിരുന്നില്ല. ഉച്ചയ്ക്ക് കഴിച്ച അപ്പം 5 മണിയോടുകൂടി അതേപടി ഛർദ്ദിച്ചുപോയി. പിന്നെ സ്വസ്ഥമായി മൂടിപ്പുതച്ചുറങ്ങി. ഒരാഴ്ച മുമ്പ്. പോളക്കുരു ബാധിച്ച ഇടതു കണ്ണ് നന്നായി ചുമന്നിരുന്നു. രാത്രി ഒരു കവിൾ പച്ചവെള്ളം മാത്രം കഴിച്ച് കിടന്നു. കരിക്കിൻ വെള്ളത്തിനും ശുദ്ധജലത്തിനും ഒരു പ്രത്യേക രുചിഭേദം.

രാവിലെ 8 മണിക്ക് ഉണർന്ന മകൾ സ്വീകരണമുറിയിൽ വീണ്ടും കിടപ്പായി. കുറച്ചുകഴിഞ്ഞപ്പോൾ കൊഴുത്ത മഞ്ഞ ദ്രാവകം ക്കറ ഛർദ്ദിച്ചുപോയി. ശരീരോഷ്മാവ് ഒട്ടും കുറഞ്ഞില്ല. ഒരു കവിൾ വെള്ളം കുടിച്ച് വീണ്ടും കിടന്നു. കുറച്ചുകഴിഞ്ഞ് ഛർദ്ദിച്ചു ഇത് പലതവണ മൂന്ന് ദിവസം ആവർത്തിച്ചു ചുവന്നു കലങ്ങിയ ഇടതുകണ്ണ് ഇതുവരെ ദിവസം കൂടെ കൂടെ നനഞ്ഞ തുണികൊണ്ട് തുടച്ചുകൊണ്ടിരുന്നു. 4ാം ദിവസം ശക്തമായ വയറിളക്കം പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായില്ല. അതുകൊണ്ട് ശുദ്ധജലത്തിൽ എനിമ എടുത്ത് മലാശയം ശുദ്ധിചെയ്തിരുന്നു.

പരിശോധിച്ചപ്പോൾ കണ്ണിന്റെ താഴത്തെ പോളക്കിടയിൽ ശക്തമായ പഴുപ്പ് കാണപ്പെട്ടു. കഴുത്തിൽ ചുറ്റിയ നനഞ്ഞ തുണികഷണം അഞ്ച് മിനുട്ട് കൊണ്ട് ഉണങ്ങി പപ്പടം കാച്ചിയത് പോലെയായി.

തലയും ഉടലും പൊതിഞ്ഞുള്ള വെറ്റ് പാക്ക് തുടർന്നുകൊണ്ടിരുന്നു. 4ാംദിവസം മുതൽ ഛർദ്ദി കുറഞ്ഞെങ്കിലും അല്പം രക്തം കലർന്നിരുന്നു. ഒരു ദിവസം കുട്ടി ധാന്യാഹാരം വേണമെന്ന് വാശിപിടിച്ചു അല്പം കഴിച്ചു എങ്കിലും പ്രകൃതി ഡോക്ടർ (ജീവശക്തി) അനവസരം എത്തിയ ആഹാരത്തെ പുറംതള്ളുക തന്നെ ചെയ്തു. വെളിച്ചവും ഉച്ചത്തിലുള്ള സംസാരവും അസഹനീയമായിരുന്നു.

5ാംദിവസം വീട്ടിലുള്ള കൊച്ചുവർത്തമാനത്തിൽ പങ്കെടുക്കുവാൻ താല്പര്യം കാട്ടിത്തുടങ്ങി. അന്ന് പുലർച്ചെ പനി തളരുന്നതായി കാണപ്പെട്ടു. കണ്ണിന്റെ ചുകപ്പ് അതേപടി തന്നെ, ചൊവ്വാഴ്ച പനി പൂർണ്ണമായി മാറിക്കിട്ടി. ബുധനാഴ്ച വീട്ടിനുള്ളിൽ പെരുമാറി തുടങ്ങിയെങ്കിലും കൂടുതൽ സമയം ഉറക്കം തന്നെ. ക്ഷീണം മാറി. വ്യാഴാഴ്ച മുതൽ കണ്ണിന്റെ ചുകപ്പ് മാറിവരുന്നതായി കണ്ടു. നനഞ്ഞ തുണികൊണ്ട് ഇടയ്ക്കിടെ കണ്ണിന്റെ പോള തുടച്ചുകൊണ്ടിരുന്നു. അന്ന് തന്നെ സ്കൂളിൽ പോയി തുടങ്ങുകയും ചെയ്തു.

ശരീരവേദനയും ക്ഷീണവും കൊണ്ട് അനങ്ങാൻ കഴിയാതെ രോഗിയെ തിരിച്ചും മറിച്ചും കിടത്തി സ്റ്റെതസ് കോപ്പ് വച്ചുള്ള പരിശോധനയും ഇരുത്തിയും കിടത്തിയും കൊടിലും ചുറ്റികയും ഉപയോഗിച്ച് കൊട്ടി നോക്കിയും നിർബന്ധിച്ച് ദീർഘശ്വാസം ചെയ്യിപ്പിച്ചും രക്തം കുത്തിയെടുത്ത് വിവിധ ലാബ് ടെസ്റ്റുകളും കഫപരിശോധനയുടേയും വിവരങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് കൈയ്യിൽ കിട്ടുമ്പോഴേക്ക് ചികിത്സയുടെ പേരിൽ കഴിച്ച അനാവശ്യ മരുന്നുകൾ നിർത്തിവയ്ക്കുവാനും പുതിയ ചില മരുന്നുകൾ കഴിക്കുവാനുമുള്ള നിർദ്ദേശങ്ങളും പനി മാറിയാലും ആഴ്ചകളോളം ക്ഷീണവും......എന്റെ പൂർവ്വകാലം ഓർമ്മിച്ചുപോകുന്നു.

**പുരുഷോത്തമൻ**